**പതിനാറാം കേരള നിയമസഭ**

**ഒന്നാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 1308** **30-06-2026-ൽ മറുപടിയ്ക്ക്**

**<u>കായിക വകുപ്പ് നടപ്പിലാക്കുന്ന പദ്ധതികൾ</u>**

**<u>ചോദ്യം ഉന്നയിച്ച അംഗങ്ങൾ</u>** **<u>മറുപടി നൽകിയ മന്ത്രി</u>**

ശ്രീ. കെ. പ്രേംകുമാർ

ശ്രീ. ഒ. ജെ. ജനീഷ്
(കായികം, യുവജനകാര്യം, രജിസ്ട്രേഷൻ,
മ്യൂസിയം, പുരാവസ്തു & പുരാരേഖ വകുപ്പ് മന്ത്രി)

**(എ)** സംസ്ഥാനത്ത് കഴിഞ്ഞ അഞ്ച് വർഷത്തിനിടെ പുതുതായി ആരംഭിച്ച കായിക അക്കാദമികൾ ഏതെല്ലാം; അവയുടെ പ്രവർത്തന പുരോഗതി വിശദമാക്കാമോ;

**<u>മറുപടി:</u>** **<u>കായിക യുവജനകാര്യാലയം</u>**

സംസ്ഥാനത്ത് ഫുട്ബോളിന്റെ സമഗ്ര വികസനം ലക്ഷ്യമാക്കി, ഓൾ ഇന്ത്യ ഫുട്ബോൾ ഫെഡറേഷന്റെ (AIFF) ഫൈവ് സ്റ്റാർ അംഗീകാരമുള്ള ക്ലബ് തല അക്കാദമിക്ക് സമാനമായ പരിശീലന സംവിധാനം സർക്കാർ പിന്തുണയോടെ സജ്ജമാക്കുക, യുവ ഫുട്ബോൾ പ്രതിഭകളെ ലോകോത്തര നിലവാരത്തിൽ പരിശീലിപ്പിക്കുക, ദേശീയ-അന്തർദേശീയ മത്സരങ്ങൾക്കും എലൈറ്റ് ക്ലബ്ബുകൾക്കും അനുയോജ്യരായ താരങ്ങളെ വളർത്തിയെടുക്കുക എന്നീ ലക്ഷ്യങ്ങൾ മുൻനിർത്തി, 2021-22 സാമ്പത്തിക വർഷത്തിൽ ശ്രീ ഗോകുലം എഫ്.സി.യുടെ നേതൃത്വത്തിൽ കണ്ണൂർ സ്പോർട്സ് സ്കൂളിൽ സ്പോർട്സ് കേരള എലൈറ്റ് റസിഡൻഷ്യൽ ഫുട്ബോൾ അക്കാദമിയും, കേരള ബ്ലാസ്റ്റേഴ്സ് എഫ്.സി.യുടെ സഹകരണത്തോടെ ജി.വി. രാജ സ്പോർട്സ് സ്കൂളിൽ മറ്റൊരു എലൈറ്റ് റസിഡൻഷ്യൽ ഫുട്ബോൾ അക്കാദമിയും ആരംഭിച്ചു.

എന്നാൽ, അക്കാദമികളുടെ പ്രവർത്തനം വിലയിരുത്തിയപ്പോൾ പ്രതീക്ഷിച്ച നിലവാരത്തിലുള്ള പ്രകടനവും ഫലവും കൈവരിക്കാൻ സാധിച്ചില്ലെന്ന് കണ്ടെത്തിയതിൽ ഈ അക്കാദമികളുടെ പ്രവർത്തനം അവസാനിച്ചു.

തുടർന്ന്, 2024-25 സാമ്പത്തിക വർഷത്തിൽ ജി.വി. രാജ സ്പോർട്സ് സ്കൂളിൽ, എ.സി. മിലാൻ ഫുട്ബോൾ ക്ലബ്ബിന്റെ അഫിലിയേഷനോടെ എലൈറ്റ് റസിഡൻഷ്യൽ ഫുട്ബോൾ അക്കാദമി ആരംഭിച്ചു. എന്നാൽ, ടി അക്കാദമിയുടെ പ്രവർത്തനവും പ്രകടനവും വിലയിരുത്തിയപ്പോഴും പ്രതീക്ഷിച്ച നിലവാരം കൈവരിക്കാൻ സാധിച്ചില്ലെന്ന് കണ്ടെത്തിയതിനാൽ, അക്കാദമിയുടെ പ്രവർത്തനം അവസാനിപ്പിക്കുകയും ചെയ്തു.

**<u>കേരള സ്റ്റേറ്റ് സ്പോർട്സ് കൗൺസിൽ</u>**

കേരള സ്റ്റേറ്റ് സ്പോർട്സ് കൗൺസിലിന്റെ നിയന്ത്രണത്തിൽ കഴിഞ്ഞ അഞ്ച് വർഷത്തിനിടെ പുതുതായി ആരംഭിച്ച കായിക അക്കാഡമികളുടെ പേര് വിവരങ്ങൾ ചുവടെ ചേർക്കുന്നു.

1. ടി.കെ. എം കോളേജ് ഓഫ് ആർട്സ് ആന്റ് സയൻസ് കോളേജ്

2. എസ്. സി. സെമിനാരി ഹയർ സെക്കന്ററി സ്കൂൾ, തിരുവല്ല, പത്തനംതിട്ട

3. സുല്ലമുസ്സലാം സയൻസ് കോളേജ്, അരീക്കോട്, മലപ്പുറം

4. ജില്ലാ സ്പോർട്സ് അക്കാഡമി, അരീക്കോട്

5. ജില്ലാ സ്പോർട്സ് അക്കാഡമി, കോളിയടുക്കം

6. ചെറുപുഷ്പ എച്ച് എസ് ചന്ദനക്കാംപാറ, കണ്ണൂർ

7. മോർണിംഗ് സ്റ്റാർ കോളേജ്, അങ്കമാലി

8. U/14 ഫുട്ബോൾ അക്കാഡമി, പനമ്പിള്ളി നഗർ

9. എം. ഇ എസ്, പൊന്നാനി

10. എ.വി.എം ഹയർ സെക്കന്ററി സ്കൂൾ ചുനങ്ങാട്, പാലക്കാട് (ആരംഭിക്കുവാൻ തീരുമാനിച്ചു.)

പ്രസ്തുത സ്പോർട്സ് അക്കാഡമികളിലെ കായികതാരങ്ങൾക്ക് ബോർഡിംഗ് ലോഡ്ജിംഗ് ചാർജ്ജായി പ്രതിദിനം 250/- രൂപ അനുവദിച്ചു വരുന്നു. കൂടാതെ ഇവരുടെ ചികിത്സാ ചെലവുകൾ, മത്സരങ്ങളിൽ പങ്കെടുക്കുന്നതിനുള്ള യാത്രാബത്ത/ദിനബത്ത എന്നിവ കൗൺസിൽ വഹിക്കുന്നു. കൗൺസിലിന്റെ വിദേശ പരിശീലകരുടെ നേതൃത്വത്തിൽ തെരഞ്ഞെടുക്കപ്പെട്ട കായിക ഇനങ്ങളിൽ ഇവർക്ക് പരിശീലനം നൽകി വരുന്നു. കായിക താരങ്ങൾക്കുള്ള കിറ്റ് നൽകി വരുന്നു. ജില്ലാ സ്പോർട്സ് അക്കാഡമികളിലെ പരിശീലനത്തിന് ആവശ്യമായ കായിക ഉപകരണങ്ങളും കേരള സ്റ്റേറ്റ് സ്പോർട്സ് കൗൺസിൽ നൽകി വരുന്നു.

**(ബി)** ഗ്രാമീണ മേഖലകളിൽ കായിക പ്രതിഭകളെ കണ്ടെത്തുന്നതിനും പരിശീലിപ്പിക്കുന്നതിനുമായി കായിക വകുപ്പ് നടപ്പിലാക്കുന്ന പദ്ധതികൾ ഏതെല്ലാമാണ്; അവയുടെ ജില്ല തിരിച്ചുള്ള വിശദാംശം ലഭ്യമാക്കാമോ?

**<u>മറുപടി:</u>** **<u>കായിക യുവജനകാര്യാലയം</u>**

ഗ്രാമീണ മേഖലകളിൽ കായിക പ്രതിഭകളെ കണ്ടെത്തുന്നതിനും പരിശീലിപ്പിക്കുന്നതിനുമായി കായിക യുവജനകാര്യാലയം മുഖേന നടപ്പിലാക്കുന്ന പദ്ധതികൾ ചുവടെ ചേർക്കുന്നു.

**<u>ഗോൾ പദ്ധതി</u>**

കേരളത്തിലെ 12 വയസ്സിന് താഴെയുള്ള കുട്ടികൾക്ക് ഫുട്ബോളിൽ ശാസ്ത്രീയ പരിശീലനം നൽകി പ്രതിഭകളെ കണ്ടെത്തി വളർത്തുന്നതിനായി കായിക യുവജനകാര്യാലയം നടപ്പിലാക്കിയ പദ്ധതിയാണ്. സംസ്ഥാനത്തെ 14 ജില്ലകളിൽ നിന്നുള്ള 140 നിയോജകമണ്ഡലങ്ങളിൽ നിന്നും വിദ്യാർത്ഥികളെ തെരഞ്ഞെടുത്ത് തീവ്രപരിശീലനം നൽകുക എന്നതാണ് പദ്ധതിയുടെ ലക്ഷ്യം. 2024- ൽ പദ്ധതിയുടെ നടത്തിപ്പ് സംസ്ഥാന സ്പോർട്സ് കൗൺസിലിന് കൈമാറിയെങ്കിലും സാങ്കേതിക തടസങ്ങൾ കാരണം തുടരാനായില്ല; 2026-27 സാമ്പത്തിക വർഷം മുതൽ പദ്ധതി പുനരാരംഭിക്കുന്നതിനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്.

**<u>ഗ്രാസ് റൂട്ട് പ്രോഗ്രാം (പഞ്ച്, ജൂഡോ, തായ്ക്കോണ്ടോ)</u>**

തായ്ക്കോണ്ടോ, ബോക്സിംഗ്, ജൂഡോ തുടങ്ങിയ പോരാട്ട കായിക വിനോദങ്ങൾ വികസിപ്പിക്കുന്നതിലൂടെ കുട്ടികളെ സ്വയം പ്രതിരോധത്തിനായി സജ്ജരാക്കുകയും ദേശീയ, അന്തർദേശീയ ടൂർണമെന്റുകളിൽ മികവ് പുലർത്താൻ പ്രാപ്തരാക്കുകയും ചെയ്യുക എന്നതാണ് ഈ

പരിപാടിയുടെ ലക്ഷ്യം ജൂഡോയ്ക്കായുള്ള ജൂഡോക്ക പദ്ധതി തിരുവനന്തപുരം, ആലപ്പുഴ, എറണാകുളം, തൃശ്ശൂർ, ഇടുക്കി, വയനാട്, പാലക്കാട്; മലപ്പുറം, കോഴിക്കോട്, കണ്ണൂർ എന്നീ ജില്ലകളിലും, ബോക്സിംഗിനായുള്ള പഞ്ച് പദ്ധതി കൊല്ലം, കോട്ടയം, എറണാകുളം, കോഴിക്കോട്, കണ്ണൂർ ജില്ലകളിലും നടപ്പിലാക്കിയിട്ടുണ്ട്. കൂടാതെ തായ്ക്വോണ്ടോയ്ക്കായുള്ള പദ്ധതി പ്രാരംഭ ഘട്ടമെന്ന നിലയിൽ 4 ജില്ലകളിൽ ആരംഭിക്കുന്നതിനു തീരുമാനിച്ചിട്ടുണ്ട്. പുതിയ പദ്ധതികൾ ആരംഭിക്കുന്നത്തിനും നിലവിൽ ഉള്ളവ വ്യാപിപ്പിക്കുന്നതിനും തീരുമാനിച്ചിട്ടുണ്ട്.

**ഹൂപ്സ് പദ്ധതി**

ബാസ്കറ്റ്ബോൾ അടിസ്ഥാനതല വികസനത്തിനായി കേരളത്തിലെ 8-12 വയസ്സുള്ള കുട്ടികൾക്കായി കണ്ണൂർ, കോഴിക്കോട്, തൃശ്ശൂർ, കൊല്ലം, തിരുവനന്തപുരം എന്നീ അഞ്ച് ജില്ലകളിലെ 10 കേന്ദ്രങ്ങളിൽ നടപ്പിലാക്കിയ പദ്ധതിയാണ് ഹൂപ്സ്. ആരോഗ്യകരവും ഊർജ്ജസ്വലവും ഉത്തരവാദിത്തമുള്ളതുമായ സമൂഹം സൃഷ്ടിക്കുക എന്നതാണ് ലക്ഷ്യം. 2024-ന് ശേഷം സാങ്കേതിക തടസങ്ങൾ കാരണം പ്രസ്തുത പദ്ധതി തുടരാനായില്ല; നിലവിൽ പദ്ധതി വിപുലീകരിക്കുന്നതിനുള്ള നടപടികൾ കായിക യുവജനകാര്യാലയം ആരംഭിച്ചിട്ടുണ്ട്

**സ്പ്രിന്റ് പദ്ധതി**

സ്പ്രിന്റ് പദ്ധതി അത്‌ലറ്റിക്സിലെ മികവ് വളർത്തുന്നതിനായി പത്തനംതിട്ട, ഇടുക്കി, കോട്ടയം, പാലക്കാട്, കണ്ണൂർ, കാസർഗോഡ് എന്നീ 6 ജില്ലകളിൽ നടപ്പിലാക്കിയിട്ടുണ്ട്. സെലക്ഷൻ ട്രയൽസിലൂടെ തിരഞ്ഞെടുക്കപ്പെട്ട വിദ്യാർത്ഥികൾക്ക് പ്രത്യേക അത്‌ലറ്റിക്സ് പരിശീലനം നൽകുന്നു. കൂടാതെ 14 ജില്ലകളിലേക്കും ടി പദ്ധതി വ്യാപിപ്പിക്കുന്നതിനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്.

**സ്പ്ലാഷ് പദ്ധതി**

ജലാശയ അപകടങ്ങളുടെ തോത് കുറയ്ക്കുന്നതിനായി സ്കൂൾ വിദ്യാർത്ഥികൾക്ക് നീന്തൽ പരിശീലനം നല്കുന്നതിനായി ആവിഷ്കരിച്ചിട്ടുള്ള പദ്ധതിയായ സ്പ്ലാഷ്, പ്രാരംഭ ഘട്ടമെന്ന നിലയിൽ കാസർഗോഡ്, വയനാട്, പാലക്കാട്, തൃശ്ശൂർ, ഇടുക്കി ജില്ലകളിലാണ് നടപ്പിലാക്കിയിരുന്നത്. കോവിഡ് രോഗ വ്യാപനത്തിന്റെ പശ്ചാത്തലത്തിൽ പ്രസ്തുത പരിശിലന പദ്ധതി നിർത്തിവെച്ചിരുന്നു. ടി പദ്ധതി പുനരാരംഭിക്കുന്നതിനും കൂടുതൽ പരിശീലന കേന്ദ്രങ്ങൾ ആരംഭിക്കുന്നതിനും നടപടി സ്വീകരിച്ചു വരുന്നു.

**ഹെൽത്തി കിഡ്സ് പദ്ധതി**

പ്രൈമറി സ്കൂൾ തലത്തിൽ ശാരീരിക വിദ്യാഭ്യാസം മെച്ചപ്പെടുത്തുന്നതിനും ഒരു കായിക സംസ്കാരം വളർത്തിയെടുക്കുന്നതിനും ഈ പദ്ധതി ലക്ഷ്യമിടുന്നു. കേരളത്തിലെ 55 LP സ്കൂളുകളിൽ പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്. കുട്ടികളിൽ വിവിധതരം കളികളിൽ അഭിരുചി വളർത്തിയെടുക്കാൻ സഹായിക്കുക, സ്കൂളുകളെ കായിക കേന്ദ്രങ്ങളാക്കി മാറ്റുക എന്നതാണ് ഇതിന്റെ ലക്ഷ്യം. കേരളത്തിലെ വിദ്യാഭ്യാസ പാഠ്യപദ്ധതിയുടെ ഭാഗമായി കായിക വിനോദങ്ങൾ ഉൾപ്പെടുത്തുക എന്നതാണ് അന്തിമ ലക്ഷ്യം. കൂടാതെ കേരളത്തിലെ മുഴുവൻ ലോവർ പ്രൈമറി സ്കൂളുകളിലും പദ്ധതി ആരംഭിക്കുന്നതിന് ഉദ്ദേശിക്കുന്നു.

**അടിസ്ഥാന സൗകര്യ വികസനം**

സംസ്ഥാനത്തെ കായിക മേഖലയിൽ അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനും കായികതാരങ്ങൾക്ക് പരിശീലനം നടത്തുന്നതിന് മികച്ച സൗകര്യം ഉറപ്പുവരുത്തുന്നതിനുമായി അന്താരാഷ്ട്ര നിലവാരത്തിലുള്ള നിരവധി അടിസ്ഥാന സൗകര്യ നിർമ്മാണപ്രവൃത്തികൾ കായിക

വകുപ്പ് മുഖേന നടപ്പിലാക്കി വരികയാണ്. കിഫ്ബി ഫണ്ട് മുഖേനയും എം.എൽ.എ ആസ്തി വികസനഫണ്ട് മുഖേനയും കായിക വകുപ്പിന്റെ പദ്ധതിവിഹിതത്തിൽ നിന്നും തുക കണ്ടെത്തി കൂടുതൽ അടിസ്ഥാന സൗകര്യങ്ങൾ നിർമ്മിക്കുന്നതിന് ഉദ്ദേശിക്കുന്നുണ്ട്. എല്ലാ പഞ്ചായത്തിലും ഒരു കളിക്കളം നിർമ്മിക്കുവാൻ ഉദ്ദേശിച്ച് ആവിഷ്കരിച്ച **"ഒരു പഞ്ചായത്തിൽ ഒരു കളിക്കളം പദ്ധതി"** കൂടുതൽ ഇടങ്ങളിലേക്ക് വ്യാപിപ്പിക്കുന്ന സാഹചര്യത്തിൽ എല്ലാ പഞ്ചായത്തുകളിലും കളിസ്ഥലം നിർമ്മിക്കുക എന്ന ലക്ഷ്യം കൈവരിക്കുവാൻ സാധിക്കും.

**<u>കേരള സ്റ്റേറ്റ് സ്പോർട്സ് കൗൺസിൽ</u>**

ഗ്രാമീണ മേഖലയിൽ കായിക വികസനം മുന്നിൽകണ്ട് സംസ്ഥാന സ്പോർട്സ് കൗൺസിൽ വിവിധ കായിക ഇനങ്ങളിൽ ഡേ ബോർഡിംഗ് സെന്ററുകൾ വഴി കുട്ടികൾക്ക് കായിക പരിശീലനം നടത്തി വരുന്നു. നിലവിൽ ഡേ ബോർഡിംഗ് സെന്ററുകളിലെ കായിക താരങ്ങൾക്ക് ഒരു ദിവസം 40/- രൂപ നിരക്കിൽ ലഘുഭക്ഷണത്തിനായി നൽകി വരുന്നു. ജില്ലാ സ്പോർട്സ് കൗൺസിൽ വഴിയാണ് ഡേ ബോർഡിംഗ് സ്കീമിനുള്ള തുക അനുവദിച്ചു വരുന്നത്. നിലവിൽ ഇത്തരത്തിൽ ഇടുക്കി ജില്ലയിൽ 5 സെന്ററുകളും, കൊല്ലം ജില്ലയിൽ ഒരു സെന്ററുമാണ് ഉള്ളത്.

**<u>ജില്ല തിരിച്ചുള്ള വിശദാംശം ചുവടെ ചേർക്കുന്നു.</u>**

**കൊല്ലം** - സെന്റ് ജോൺസ് കോളേജ്, അഞ്ചൽ

**ഇടുക്കി** - സെന്റ് ജോർജ്ജ് ഹയർ സെക്കന്ററി സ്കൂൾ, വാഴത്തോപ്പ്, കാൽവരി ഹൈസ്കൂൾ, എസ്. എൻ. വി എച്ച് എസ്.എസ് എൻ. ആർ സിറ്റി, രാജാക്കാട്, ഗവൺമെന്റ് ഹൈസ്കൂൾ, മൂലമറ്റം, ഹൈറേഞ്ച് സ്പോർട്സ് അക്കാഡമി

കൂടാതെ പഞ്ചായത്ത് തലത്തിൽ സ്പോർട്സ് കൗൺസിലുകൾ രൂപീകരിച്ച് ഗ്രാമീണ മേഖലയിൽ കായിക മത്സരങ്ങൾ സംഘടിപ്പിക്കുന്നതിനും ക്ലബ്ബുകളെ ഏകോപിപ്പിച്ച് കായിക മത്സരങ്ങൾ നടത്തുന്നതിനും മറ്റുമായി തദ്ദേശ സ്വയംഭരണ സ്പോർട്സ് കൗൺസിലുകൾ രൂപീകരിച്ച് പ്രവർത്തിച്ചു വരുന്നു.

**സെക്ഷൻ ഓഫീസർ**